തുടർന്ന് ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സംഘത്തിൽ സഹകരണനിയമം 65-ാം വകുപ്പ് പ്രകാരം നടത്തിയ അന്വേഷണത്തിൽ ഈടാക്കാൻ ബാക്കി നിൽപ്പുള്ളതായി കണ്ടെത്തിയ തുക ഈടാക്കുന്നതിനായി ബന്ധപ്പെട്ടവർക്കെതിരെ ഫയൽ ചെയ്ത അന്യായത്തിൽ തീർപ്പ് കൽപ്പിച്ചതിനെ തുടർന്നുള്ള വിധിയുടെ അടിസ്ഥാനത്തിൽ ജപ്തി ലേല നടപടികൾ സ്വീകരിച്ച് വരുന്നു. കുറ്റക്കാരായി കണ്ടെത്തിയ ആൾക്കാരുടെ പേരിൽ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിന് പോലീസിന്റെ വിജിലൻസ് വിഭാഗത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(കെ) ബാങ്ക് വാങ്ങിയ കംപ്യൂട്ടറുകളുടെ കമ്പനി തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

1.	ടാൻഡൻ കംപ്യൂട്ടേഴ്സ്	-	4,60,000 രൂപ
2.	സെനിത്ത് കംപ്യൂട്ടേഴ്സ്	-	3,70,200 രൂപ
3.	ഐ.ബി.എം. കംപ്യൂട്ടേഴ്സ്	-	3,61,782 രൂപ
4.	എച്ച്. പി. കംപ്യൂട്ടേഴ്സ്	-	2,39,850 രൂപ

(എൽ) തിരുവനന്തപുരത്തുള്ള കോർപ്പറേറ്റ് കംപ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിനെയാണ് സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് അധികാരപ്പെടുത്തിയത്. ഇടുക്കി ജില്ലാ ബാങ്കിന്റെ ആറ് ശാഖകളിൽ സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്യുന്നതിന് 4,65,000 രൂപ ചെലവായിട്ടുണ്ട്.

എളംകുളം സഹകരണ ബാങ്കിലെ അഴിമതി

130(1033) ശ്രീ. ഉമ്മൻ ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ എളംകുളം സഹകരണ ബാങ്കിലെ അഴിമതിയെക്കുറിച്ച് സഹകരണവകുപ്പ് നടത്തിയ അന്വേഷണത്തിൽ കുറ്റക്കാർ ആരൊക്കെയാണെന്ന് വ്യക്തമായിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവർ ആരൊക്കെയാണെന്നും ഇവർക്കെതിരെയുള്ള കുറ്റങ്ങൾ എന്തൊക്കെയാണെന്നും വെളിപ്പെടുത്താമോ ;

(സി) അഴിമതിക്കാരെന്ന് തെളിഞ്ഞിട്ടുണ്ടെങ്കിൽ പ്രസ്തുത അഴിമതിക്കാർ ആരൊക്കെയെന്ന് 3 വർഷം കഴിഞ്ഞിട്ടും വെളിപ്പെടുത്താത്തതിന്റെ സാഹചര്യം വ്യക്തമാക്കാമോ ;

(ഡി) ബാങ്കിന് നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ അത് കുറ്റക്കാരിൽ നിന്ന് തിരിച്ച് എടുക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ നടപടിയുടെ ഫലമായി എത്ര രൂപ ബാങ്കിന് തിരിച്ച് കിട്ടിയെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഇതിനുവേണ്ടി സിവിൽ കേസും ക്രിമിനൽ കേസും ആർക്കൊക്കെ എതിരെ എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) കേസ് എടുത്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) എളംകുളം സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾക്ക് ബാങ്ക് സെക്രട്ടറി എം.ഗോപിനാഥൻ നായർ, ബ്രാഞ്ച് മാനേജർമാരായ കെ.എ.ലംബേ, ജോജിജോസ് എന്നിവരും ഭരണസമിതിയും പ്രഥമദൃഷ്ട്യാ കുറ്റക്കാരാണെന്ന് കണ്ടിട്ടുണ്ട്. ഭരണസമിതിയെ പിരിച്ച് വിട്ടിട്ടുണ്ട്. ജീവനക്കാരുടെ മേൽ ശിക്ഷണനടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിയമത്തിനും ചട്ടങ്ങൾക്കും ബൈലാക്കും വിരുദ്ധമായി അംഗങ്ങളെ ചേർക്കൽ അനധികൃത വായ്പനൽകൽ, വ്യാജവായ്പ നൽകൽ, അനധികൃത ഫുഡ് ടീ വ്യാപാരം, ബിൽ ഡിസ്ക്കൗണ്ടിംഗ്, പണാപഹരണം മുതലായ കാര്യങ്ങൾ നടന്നതായി അന്വേഷണത്തിൽ കണ്ടിട്ടുണ്ട്.

(സി) വിജിലൻസ് എൻക്വയറി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അഴിമതിക്കാരുടെ വിവരം പൂർണ്ണമായി തെളിയൂ.

(ഡി) സഹകരണ നിയമം 65 വകുപ്പ് പ്രകാരമുള്ള അന്വേഷണം പൂർത്തിയാക്കി 68(1) പ്രകാരം കുറ്റപത്രം നൽകിയിട്ടുണ്ട്. മുൻ സെക്രട്ടറിയിൽ നിന്നും ഈടാക്കാനുള്ള തുകയ്ക്ക് ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുള്ളത് ആർബിട്രേഷൻ കോടതിയിൽ വിചാരണയിലാണ്.

(ഇ) തുക ഒന്നുംതന്നെ ഈടാക്കി കിട്ടിയിട്ടില്ല.

(എഫ്&ജി) ജീവനക്കാരായ ശ്രീ.എം.ഗോപിനാഥൻ നായർക്കെതിരെ ആർബ്രിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ.എം. ഗോപിനാഥൻ, ശ്രീ.കെ.എ. ലംബേ, ശ്രീ. ജോജി ജോസ് എന്നിവർക്കെതിരെ വി.സി. 6/98-ാം നമ്പർ ആയി ക്രിമിനൽ കേസ് നിലവിലുണ്ട്. കൂടാതെ ഇക്കാര്യം സംബന്ധിച്ച വിജിലൻസ് അന്വേഷണവും തുടർന്നുവരുന്നു.

നീതിസ്റ്റോറുകൾ വഴി പാചകഗ്യാസ് കണക്ഷൻ നൽകുന്ന നടപടി

131(1034) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീതിസ്റ്റോറുകൾ വഴിയുള്ള പാചകഗ്യാസ് കണക്ഷൻ സംസ്ഥാനത്ത് എത്ര പേർക്ക് നൽകിയിട്ടുണ്ട് ;

(ബി) ഉപഭോക്താക്കൾക്ക് യഥാസമയം സിലിണ്ടർ ലഭിക്കുന്നില്ല എന്ന പരാതി പരിഹരിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) നീതിസ്റ്റോറുകൾ വഴി സംസ്ഥാനത്ത് 41597 പേർക്ക് പാചകവാതക കണക്ഷൻ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly